എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലേക്ക് താൽക്കാലിക പ്രൊമോഷൻ നൽകുന്നതിനുള്ള ഉത്തരവ് ആണ്. ആയത് പ്രകാരം, 49 അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർമാർക്ക് എക്സൈസ് ഇൻസ്പെക്ടർമാരായി പ്രൊമോഷൻ നൽകിയിട്ടുണ്ട്.

(ഡി) നടപടി സ്വീകരിച്ചുവരുന്നു.

(ഇ) 4 എണ്ണം. കൂടാതെ ജി.ഒ.(എം എസ്)നമ്പർ 180/10/നി.വ. തീയതി 9-7-2010 പ്രകാരം പുതിയതായി സൃഷ്ടിച്ച 31 എക്സൈസ് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾകൂടി സ്പെഷ്യൽ റൂളിൽ വിഭാവന ചെയ്തിരിക്കുന്ന റേഷ്യോ പ്രകാരം നികത്തുവാനുണ്ട്.

(എഫ്) 4-6-2008-ലെ ജി.ഒ.(പി) നമ്പർ 113/08/നി.വ. ഉത്തരവ് പ്രകാരം, പ്രൊമോഷൻ വഴിയും നേരിട്ടുള്ള നിയമനങ്ങൾക്കും 1:1 റേഷ്യോ ആയി സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്തിട്ടുള്ളതാകുന്നു. സ്പെഷ്യൽ റൂൾ ഭേദഗതി പ്രകാരമുള്ള നടപടി സ്വീകരിച്ചുവരികയാണ്.

(ജി) ബന്ധപ്പെട്ട ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത് പ്രകാരമാണ് കേഡർസ്ട്രെങ്ത് നിശ്ചയിച്ചിട്ടുള്ളത്.

(എച്ച്) പ്രസ്തുത കാലയളവിൽ ഒഴിവുകൾ ഒന്നും തന്നെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. 31-3-2010-ൽ ഒഴിവുണ്ടായ തസ്തികകളിൽ സൂപ്പർ ന്യൂമററിയായി വന്നവ പി.എസ്.സി.ക്ക് നേരത്തേ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

എക്സൈസ് ഡിപ്പാർട്ട്മെന്റിൽ വനിതാ ഗാർഡുമാരെ നിയമിക്കുന്നതിന് നടപടി

117 (4173) പ്രൊഫ. എൻ. ജയരാജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സൈസ് ഡിപ്പാർട്ടുമെന്റിൽ വനിതാ ഗാർഡുമാരെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(ബി) നിലവിൽ 10% ഒഴിവുകൾ വനിതകൾക്കായി സംവരണം ചെയ്തിട്ടുണ്ടോ ;

(സി) ഇങ്ങനെയുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(ഡി) പി.എസ്.സി.-യുടെ നോട്ടിഫിക്കേഷൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) എക്സൈസ് ഗാർഡ് തസ്തികകളുടെ 97 ശതമാനത്തിന്റെ 10 ശതമാനം വനിതകൾക്കായി സംവരണം ചെയ്തിട്ടുണ്ട്.

(സി) ജില്ലാ തലങ്ങളിൽ, ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) നോട്ടിഫിക്കേഷൻ വൈകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ആലപ്പുഴ ജില്ലയിൽ എക്സൈസ് ഗാർഡുമാരുടെ ഒഴിവുകൾ

118 (4174) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ എക്സൈസ് ഗാർഡുമാരുടെ 2011 മാർച്ച് വരെയുള്ള ഒഴിവുകൾ 2010 ജൂലൈ 31-നകം റിപ്പോർട്ട് ചെയ്യണമെന്ന് നിർദ്ദേശം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇപ്രകാരം ഒഴിവുകൾ റിപ്പോർട്ടു ചെയ്യുന്നതിനുള്ള എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ആലപ്പുഴ ജില്ലയിൽ എക്സൈസ് ഗാർഡുമാരുടെ 2011 മാർച്ച് വരെ എത്ര ഒഴിവുകൾ വരുമെന്ന് വ്യക്തമാക്കുമോ ; ഇതിൽ എക്സൈസ് ഇൻസ്പെക്ടറായി പ്രൊമോഷൻ ലഭിച്ചതുമൂലം ഉണ്ടായ ഒഴിവുകൾ എത്രയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) എക്സൈസ് വകുപ്പിലെ, 31-3-2011 വരെ ഉണ്ടാകുവാൻ സാധ്യതയുള്ള എല്ലാ പ്രതീക്ഷിത ഒഴിവുകളും 31-7-2010-ന് മുമ്പ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് നിർദ്ദേശം ലഭിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ എക്സൈസ് ഗാർഡുമാരുടെ 31-3-2011 വരെയുള്ള പ്രതീക്ഷിത ഒഴിവുകൾ നിർദ്ദിഷ്ട സമയ പരിധിക്കുള്ളിൽ റിപ്പോർട്ട് ചെയ്യാൻ ജില്ലാ തലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ആലപ്പുഴ ജില്ലയിൽ, 2011 മാർച്ച് വരെ എക്സൈസ് ഗാർഡുമാരുടെ 10 പ്രതീക്ഷിത ഒഴിവുകൾ വരും. ഇതിൽ എക്സൈസ് ഇൻസ്പെക്ടറായി പ്രൊമോഷൻ ലഭിച്ചതുമൂലമുണ്ടായ ഒഴിവുകൾ ഒന്നുമില്ല.

പട്ടികസമുദായക്കാരുടെ ആനുകൂല്യങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് നടപടി

119 (4175) ശ്രീ. കെ. കെ. ഷാജു :

ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പട്ടിക സമുദായത്തിൽപ്പെട്ടവർക്ക് സർക്കാർ നൽകുന്ന ഭവന നിർമ്മാണ സഹായം, വിദ്യാഭ്യാസ ആനുകൂല്യങ്ങൾ, സ്വയംതൊഴിൽ വായ്പകൾ തുടങ്ങിയവ കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly